# ഡോ. ടോണി ജോസിന് ഡോ. പി.ആർ. കുമാർ സ്മാരക പുരസ്കാരം

കോട്ടയം ▶ അയ്മനത്തെ ജനകീയ ഡോക്ടർ അന്തരിച്ച പി.ആർ. കുമാറിന്റെ സ്മരണയ്ക്കായി അയ്മനം 'ദയ' സാംസ്കാരികസമിതി ഏർപ്പെടുത്തിയ മൂന്നാമത് സ്മാരക പുരസ്കാരം കോട്ടയം മെഡിക്കൽ കോളേജിലെ ഗ്യാസ്ട്രോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ടോണി ജോസിന്.

ആരോഗ്യമേഖലയിൽ നൽകിവരുന്ന സംഭാവനകരം മാനിച്ചാണ് പുരസ്കാരം നൽകുന്നത്. 10,000 രൂപയും പ്രശസ്തി പത്രവും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം. 14-ാം തീയതി മൂന്ന് മണിക്ക് തിരുവാറ്റ ശ്രീരാമ ഓഡിറ്റോറിയത്തിൽ ചേരുന്ന യോഗത്തിൽ വെച്ച് വി.എൻ. വാസവൻ പുരസ്കാരം സമ്മാനിക്കുമെന്ന് സമിതി പ്രസിഡന്റ് കെ.എൻ. മണിക്കുട്ടൻ, സെക്രട്ടറി സി.സി. സുനിൽ കുമാർ, കൺവീനർ പി. ശ്രീകുമാർ എന്നിവർ അറിയിച്ചു.



▶ ഡോ. ടോണി ജോസ്